**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1130** **18-01-2021 - ൽ മറുപടിയ്ക്ക്**

**വെങ്ങര റെയിൽവെ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ടി . വി. രാജേഷ് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന കിഫ്ബിയിൽ ഉൾപ്പെടുത്തിയ ചന്തപ്പുര-പരിയാരം മെഡിക്കൽ കോളേജ്-ശ്രീസ്ഥ-വെള്ളിക്കീൽ-ഒഴക്രോം-കണ്ണപുരം റോഡ്, തളിപ്പറമ്പ്-പട്ടുവം-ചെറുകുന്ന് റോഡ്, കുപ്പം-ചുടല-പാണപ്പുഴ-ഏര്യം-കണാരം വയൽ റോഡ്, ഏഴിലോട്-ഏഴിമല-റെയിൽവെ സ്റ്റേഷൻ-പുതിയ പുഴക്കര റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ; | (എ) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ടെണ്ടർ നടപടി പൂർത്തിയായ വെങ്ങര റെയിൽവെ മേൽപ്പാലം നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) | വെങ്ങര റെയിൽവെ ഓവർ ബ്രിഡ്ജ് 24 മാസകാലാവധിയോടുകൂടി ജാസ്മിൻ കൺസ്ട്രക്ഷൻസ്, കാസർഗോഡ് ഏറ്റെടുത്ത് 02.11.2020-ന് ഉടമ്പടി കരാർ ഒപ്പുവച്ചു. 01.11.2022 വരെയാണ് പ്രവൃത്തിയുടെ കാലാവധി. റെയിൽവേയുടെ മുകളിലുള്ള സ്പാൻ ഡിസൈൻ ചെയ്ത് അംഗീകാരം നൽകേണ്ടത് റെയിൽവെ അധികൃതരാണ്. ആയത് റെയിൽവേയുടെ എറണാകുളം ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അയച്ചിരിക്കുകയാണ്. അതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പൊതുമരാമത്ത് വകുപ്പ് ചെയ്യേണ്ട ഭാഗത്തിന്റെ ഡിസൈനിന് അന്തിമ അംഗീകാരം ലഭിക്കുകയുള്ളൂ. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 1 | ചന്തപ്പുര – പരിയാരം - മെഡിക്കൽ കോളേജ് - ശ്രീസ്ഥ - വെള്ളിക്കീൽ ഒഴക്രോം - കണ്ണപുരം റോഡിന്റെ പ്രവൃത്തി 64% പൂർത്തിയായി. ബാക്കി വരുന്ന റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ളവ ഏപ്രിൽ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് 71% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഫെബ്രുവരി മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| 3 | കുപ്പം - ചുടല - പാണപ്പുഴ - ഏര്യം - കണാരം വയൽ റോഡ് പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. നിലവിൽ 2/200 മുതൽ 8/600 വരെയുള്ള ഭാഗം ബിറ്റുമിനസ് മെക്കാഡം പൂർത്തിയായിട്ടുണ്ട്. 0/000 മുതൽ 2/200 വരെയുള്ള ഭാഗത്ത് ഓവുചാൽ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. 8/600 മുതൽ 9/750 വരെയുള്ള ഭാഗത്ത് ജി.എസ്.ബി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഭാഗത്ത് ഫോർമേഷൻ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ 45 ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. |
| 4 | ഏഴിലോട് - ഏഴിമല റെയിൽവെ സ്റ്റേഷൻ - പുതിയ പുഴക്കര റോഡിന്റെ പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കി.മീ 0/200 മുതൽ 1/600 വരെയുള്ള ഡി.ബി.എം പ്രവൃത്തി പൂർത്തിയായി. സംരക്ഷണഭിത്തി, ഓട നിർമ്മാണം എന്നിവയും പുരോഗമിക്കുന്നുണ്ട്. കൂടാതെ തീരദേശ ഹൈവേ കടന്നുപോകുന്ന 5/650 മുതൽ 9/220 വരെയുള്ള ഭാഗത്ത് MSS പ്രവൃത്തി പൂർത്തിയായി. 3/300 മുതൽ 5/600 വരെയുള്ള ഭാഗത്ത് കിഫ്ബി മാനദണ്ഡപ്രകാരമുള്ള സ്ഥലം ലഭ്യമായിട്ടില്ല. മേൽ പ്രവൃത്തി മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |